1B6M20286 (Pages : 1) Reg. No:.............................

Name: .................................

# FAROOK COLLEGE (AUTONOMOUS), KOZHIKODE

**Sixth Semester BA Degree Examination, March/April 2020**

**BMAL6E(3) – Cyber Malayalam**

(2017 Admission onwards)

Time: 3 hours Max. Marks: 80

**A: ഒറ്റവാക്കിൽ ഉത്തരമെഴുതുക (12×1=12**

1. 'ഭാവനാതീതം: മലയാളത്തിലെ സൈബർ കഥകൾ ' എന്ന സമാഹാരം എഡിറ്റ് ചെയ്തത് ആര്?
2. പി.ഡി.എഫ്. (PDF ) പൂർണ്ണരൂപം എന്ത് ?
3. മലയാളത്തിലെ ആദ്യത്തെ സൈബർ നോവൽ ആയ നൃത്തം രചിച്ചത് ആര്?
4. സ്വതന്ത്ര സ്സോഫ്റ്റ്‌വെയർ പ്രസ്ഥാനം ആരംഭിച്ചത് ആര്?
5. ഇൻറർനെറ്റിന്റെ പിതാവ് എന്ന് വിശേഷിപ്പിക്കപ്പെടുന്നത് ആരെയാണ് ? (ഡി ബർണേഴ്സ് ലി, ബിൽ ഗേറ്റ്സ്, വിൻറൺ സെർഫ്)
6. ആ ലോകം മുതൽ ഈ ലോകം വരെ എന്ന ഗ്രന്ഥം രചിച്ചത് ആര്? (ഡോക്ടർ ബി.ഇക്ബാൽ, അച്യുത് ശങ്കർ.എസ്.നായർ, ഡോക്ടർ ജെ.വി. വിളനിലം, ഇവയൊന്നുമല്ല)
7. മലയാള അക്ഷരങ്ങൾ ആദ്യമായി അച്ചടിച്ച കൃതി ഏത് ? ( സംക്ഷേപവേദാർത്ഥം, ഹോർത്തൂസ് മലബാറിക്കസ്, ജ്ഞാനിക്ഷേപം, ഇവയൊന്നുമല്ല)
8. ഐ.ബി.എം (IBM പൂർണ്ണ രൂപം? (ഇൻറർനാഷണൽ ബിസിനസ് മെഷീൻ, ഇൻറർനെറ്റ് ബിസിനസ് മാനേജ്മെൻറ്, ഇന്റഗ്രേറ്റഡ് ബിസിനസ് മാനേജ്മെൻറ്, ഇവയൊന്നുമല്ല)
9. അക്ഷരങ്ങളും ചിത്രങ്ങളും ശബ്ദവും ചലനവും സമന്വയിപ്പിക്കുന്ന കമ്പ്യൂട്ടർ സംവിധാനമാണ് ......?
10. ബ്ലോഗിനെ അധികരിച്ച് ഉണ്ടാകുന്ന പുസ്തകങ്ങളെ ..... എന്നാണ് വിളിക്കുന്നത് ?
11. ഹൈപ്പർ ടെക്സ്റ്റ് (Hyper Text) മലയാളത്തിൽ .... എന്ന പേരിലാണ് അറിയപ്പെടുന്നത്?
12. പദമുദ്ര (www.padamudra.com) ഒരു ..... ആണ്?

**B: ലഘുവായി ഉത്തരമെഴുതുക (7×2=14)**

13. ലിപ്യന്തരണം എന്നാൽ എന്ത്?
14. സ്വതന്ത്ര മലയാളം കമ്പ്യൂട്ടിംഗ് എന്നത് കൊണ്ട് അർത്ഥമാക്കുന്നതെന്ത്?
15. വ്ളോഗ് (Vlog) എന്നാൽ എന്താണ്?
16. സ്പെൽ ചെക്കർ - വിശദമാക്കുക?'
17. ഇ ലൈബ്രറി എന്നാൽ എന്ത്?
18. വിക്കിനിഘണ്ടു എന്നാൽ എന്ത് ?
19. പ്രതീതിയാഥാർത്ഥ്യം എന്തെന്ന് വിശദമാക്കുക?
20. ഇ_ മെയിൽ എന്നാൽ എന്ത് ?

**C: ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. [അഞ്ച് ചോദ്യങ്ങൾക്ക്] (5×6=30)**

21. ബെഞ്ചമിൻ ബെയിലിയുടെ മലയാളം അച്ചടി രംഗത്തുള്ള സംഭാവനകൾ എന്തെല്ലാം?
22. ഹോർത്തൂസ് മലബാറിക്കസിന്റ ചരിത്ര പ്രാധാന്യം വിവരിക്കുക?
23. ഉടമസ്ഥത സോഫ്റ്റ്‌വെയറും, സ്വതന്ത്ര സോഫ്റ്റ്‌വെയറും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാം?
24. സിറ്റിസൺ ജേണലിസം _ വിശദമാക്കുക?
25. യുണികോഡ് ഫോണ്ടുകൾ എന്തെന്ന് വിവരിക്കുക?
26. ടെക്സ്റ്റ് ടു സ്പീച്ച്,സ്പീച്ച് ടു ടെക്സ്റ്റ് _ വിശദമാക്കുക?
27. മലയാളത്തിലെ ഓൺ ലൈൻ പത്രങ്ങളെക്കുറിച്ച് വിവരിക്കുക?

**D: ഉപന്യസിക്കുക [മൂന്ന് ചോദ്യങ്ങൾക്ക്] (3× 8=24)**

28. വിക്കിപീഡിയയെക്കുറിച്ചും സഹോദര സംരംഭങ്ങളെക്കുറിച്ചും വിവരിക്കുക?
29. ബ്ലോഗ് എന്നാൽ എന്ത്? മലയാളത്തിലെ പ്രധാനപ്പെട്ട സാഹിത്യ ബ്ലോഗുകളെ കുറിച്ച് വിശദീകരിക്കുക?
30. വായനയുടെയും എഴുത്തിനെയും മേഖലയിൽ സൈബർ ലോകം ചെലുത്തിയ സ്വാധീനത്തെ കുറിച്ച് വിവരിക്കുക?
31. നവമാധ്യമങ്ങൾ മലയാളഭാഷയിൽ വരുത്തിയിട്ടുള്ള പുതു ഭാഷാ പ്രവണതകളെ കുറിച്ച് വിവരിക്കുക?

14

6M20285 (Pages : 2) Reg. No:..............................

Name: ..............................

# FAROOK COLLEGE (AUTONOMOUS), KOZHIKODE

**Sixth Semester BA Degree Examination, March/April 2020**

**BMAL6B14 – Navasamskara Padanangal**

(2017-Admission onwards)

Time: 3 hours Max. Marks: 80

I. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക $10 \times \frac{1}{2} = 5.$

1. പുലയർക്കിടയിൽ ക്രിസ്തുമതത്തിന് സ്വാധീനമുണ്ടായത് ഏത് മിഷന്റെ വരവോടുകൂടിയാണ്?
2. പ്രത്യയശാസ്ത്രത്തെ സംസ്കാരപഠനത്തിലെ ഏറ്റവും പ്രമുഖമായ സങ്കല്പനമെന്ന് വിശേഷിപ്പിച്ച ചിന്തകനാര്?
3. ഇരുപതാം നൂറ്റാണ്ട് പിറന്ന വർഷത്തിൽ മരണമടഞ്ഞ ജർമ്മൻ ദാർശനികൻ ആര്?
4. ജടാധാരി ഭൂതത്തിന്റെ ചടങ്ങിനുവേണ്ടി ഗൗഢന്മാർ വളർത്തുന്ന കാളയുടെ പേരെന്ത്?
5. എല്ലാ എഴുത്തുകാരിയുടെ ഉള്ളിലും എതിർലൈംഗികതയുടെ അംശമുണ്ടെന്ന് വാദിച്ച ഫെമിനിസ്റ്റ് ചിന്തകയാര്?
6. 'ഒറ്റവൈക്കോൽ വിപ്ലവം' എന്ന കൃതിയുടെ കർത്താവാര്?
7. ദലിത് സാഹിത്യത്തിന്റെ മാനിഫെസ്റ്റോ എന്നറിയപ്പെടുന്നത് ആരുടെ പ്രസംഗമാണ്?
8. ക്ഷേത്ര പ്രവേശന വിളംബരം നടന്ന വർഷമേത്?
9. പൊക്കുടൻ ഏറ്റവും ഇഷ്ടപ്പെട്ട നേതാവാര്?
10. അധികാരവും ഭാഷയും എന്ന കൃതി രചിച്ചതാര്?

II. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക $5 \times 2 = 10$

11. പ്രധാനപ്പെട്ട കണ്ടൽ ഇനങ്ങളെ പരിചയപ്പെടുത്തുക.
12. ഏതെല്ലാം പ്രബല ചിന്താധാരകളുടെ വേരുകളാണ് നീത്ഷേയിൽ കണ്ടെത്താനാവുക.
13. ഹെൻട്രിമോർഗൻ മനുഷ്യവർഗ ചരിത്രത്തെ എങ്ങനെയാണ് വിവരിക്കാൻ ശ്രമിച്ചത്?
14. ദലിത് സാഹിത്യം ഉരുത്തിരിഞ്ഞു വന്നതിനെക്കുറിച്ച് കെ.സി. പുരുഷോത്തമന്റെ അഭിപ്രായമെന്ത്?

15. അടിമ സമുദായത്തിന്റെ മുതുക് വളഞ്ഞിരിക്കുന്നതിന് സി.കെ. ജാനു പറയുന്ന കാരണമെന്ത്?

III. 150 വാക്കിൽ 5 ചോദ്യത്തിന് ഉത്തരമെഴുതുക. 5 x 5 = 25

16. രേഖയില്ലാത്തവരുടെ ചരിത്രമായി 'ജീവചരിത്രം' എന്ന കവിത മാറുന്നതെങ്ങനെ?

17. 'ജടാധാരി' എന്ന സങ്കല്പം എൻ. മകജെയിൽപ്രതിപ്രവർത്തിക്കുന്നതെങ്ങനെ?

18. സി.കെ. ജാനുവിന്റെ ജീവിതത്തെ സാക്ഷരതാ പ്രവർത്തനം സ്വാധീനിച്ചതെങ്ങനെ?

19. ആൺകോയ്മയുടെ സാമൂഹ്യ പ്രയോഗത്തിലേക്കും മനോവിജ്ഞാനീയത്തിലേക്കും വിരൽ ചൂണ്ടുന്നതാണ് ഈ കഥ. കഥയേത്? വിശദമാക്കുക.

20. പൊക്കുടൻ വെളിപ്പെടുത്തുന്ന ഭക്ഷണസംസ്കാരത്തിന്റെ സവിശേഷതയെന്ത്?

21. പ്രകൃതിക്കെതിരാണ് സംസ്കൃതി എന്ന തോറൊയുടെ വാദത്തിന് പ്രസക്തിയുണ്ടോ?

22. ക്ഷേത്രപ്രവേശന വിളംബരത്തിന്റെ സാമൂഹിക രാഷ്ട്രീയ പശ്ചാത്തലമെന്ത്?

IV. 300 വാക്കിൽ കവിയാതെ നാല് ചോദ്യത്തിന് ഉത്തരമെഴുതുക 4 x 10 = 40

23. എൻഡോസൾഫാൻ ദുരന്തത്തെ ആഖ്യാനം ചെയ്യുന്ന നോവലെന്ന നിലയിൽ എൻമകജെയുടെ സാമൂഹിക പ്രാധാന്യം വിലയിരുത്തുക.

24. സാറാജോസഫിന്റെ കഥകളെ മുൻകാലങ്ങളിലെ സ്ത്രീ സാഹിത്യത്തിൽ നിന്നു വ്യത്യസ്തവും കൂടുതൽ പുരോഗമനപരവുമാകുന്ന ഘടകങ്ങളെന്തെല്ലാമെന്നാണ് സച്ചിദാനന്ദൻ നിരീക്ഷിക്കുന്നത്?

25. പുതിയ നൂറ്റാണ്ടിലെ സാഹിത്യ ദർശനങ്ങളെക്കുറിച്ച് മലയാളത്തിൽ നടന്ന വാദപ്രതിവാദങ്ങളെ ക്രോഡീകരിക്കുക.

26. ആത്മാഖ്യാനങ്ങളുടെ വ്യവസ്ഥാപിത ഘടനയെയും ലക്ഷ്യത്തെയും പല വിധത്തിൽ ചോദ്യം ചെയ്യുന്നുണ്ട്. ദലിത് ആത്മകഥകൾ-പൊക്കുടൻ, സി.കെ. ജാനു എന്നിവരുടെ ആഖ്യാനങ്ങളെ മുൻനിർത്തി വിശകലനം ചെയ്യുക.

27. ദലിത് സാഹിത്യത്തെ സംബന്ധിച്ച് വന്നിട്ടുള്ള വ്യത്യസ്ത വിചാര സങ്കല്പങ്ങളെ ക്രോഡീകരിക്കുക.

28. ആസന്നഭാവിയിലെ ആഗോള രാഷ്ട്രീയം പരിസ്ഥിതി രാഷ്ട്രീയമായിരിക്കും എന്ന ഡോ. ടി.പി. സുകുമാരന്റെ നിരീക്ഷണത്തിന്റെ സാധുത പരിശോധിക്കുക.

---

1B6M20284 (Pages :1) Reg. No:..............................

Name:..............................

# FAROOK COLLEGE (AUTONOMOUS), KOZHIKODE

**Sixth Semester BA Degree Examination, March/April 2020**

**BMAL6B13 – Pourasthya Sidhathangal**

(2017 Admission onwards)

Time: 3 hours Max. Marks: 80

**I. ഒറ്റ വാക്കിൽ ഉത്തരമെഴുതുക (1/2 മാർക്കു വീതം)**

1. "ശബ്ദാർത്ഥൗ സഹിതൗ കാവ്യം" എന്നു കാവ്യത്തെ നിർവചിച്ചതാര്?
2. എ. ആർ. രാജരാജവർമ്മയുടെ 'ഭാഷാഭൂഷണം' പ്രസിദ്ധീകൃതമായ വർഷം?
3. കവി എന്ന പദം ഏതു ധാതുവിൽനിന്നാണ് ഉണ്ടായിട്ടുള്ളത്?
4. ഭരതമുനിയുടെ നാട്യശാസ്ത്രത്തിൽ ഏതൊക്കെ അധ്യായങ്ങളിലാണു രസഭാവനിരൂപണം വരുന്നത്?
5. 'ധ്വന്യാലോകം' ആരുടെ കൃതി?
6. ശബ്ദത്തിന്റെ മുഖ്യമായ അർത്ഥവ്യാപാരത്തിനു പറയുന്ന പേര്?
7. വിശിഷ്ടമായ പദരചനയാണ് രീതിയെന്നു വ്യക്തമാക്കിയതാര്?
8. വൃത്തമഞ്ജരിയിൽ വൃത്തത്തെ നിർവചിച്ചിരിക്കുന്നത് എങ്ങനെ?
9. സാഹിത്യഭൂഷണം ആരുടെ കൃതി?
10. കാവ്യഹേതുക്കളിൽ മുഖ്യമെന്നു ഭാരതീയകാവ്യതത്ത്വജ്ഞരെല്ലാം അംഗീകരിക്കുന്നതായി ചാത്തനാത്ത് അച്യുതനുണ്ണി ചൂണ്ടിക്കാട്ടുന്നതെന്ത്?

(10x 1/2=5)

**II. എല്ലാ ചോദ്യങ്ങൾക്കും ലഘുവായി ഉത്തരം എഴുതുക (2 മാർക്കു വീതം)**

11. കവി, കാവ്യം എന്നിവയ്ക്ക് ഏതെങ്കിലും ഓരോ നിർവചനം എഴുതുക?
12. രൂപകം, ദീപകം എന്നീ അലങ്കാരങ്ങളുടെ ലക്ഷണം?
13. "അതിനാൽ ഗാനരീതിക്കു ചേരുമീരടിയാണിഹ" ഏതിനാൽ? എവിടെ?
14. അലങ്കാരമെന്നാലെന്ത്?
15. ദ്വിതീയാക്ഷരപ്രാസം എന്നാൽ എന്ത്? (5 x 2=10)

**III. ഏതെങ്കിലും അഞ്ചു ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോ ഖണ്ഡികയിൽ കവിയരുത്. (5 മാർക്കു വീതം)**

16. അഭിനവഗുപ്തൻ സഹൃദയനെ നിർവചിക്കുന്നതെങ്ങനെ?
17. മമ്മടന്റെ അഭിപ്രായത്തിൽ കാവ്യത്തിന്റെ പ്രയോജനമെന്ത്?
18. സിദ്ധാന്തനവീകരണം ഭാഷയെയും സാഹിത്യത്തെയും സജീവമാക്കി നിലനിർത്താൻ ആവശ്യമാണെന്ന് അയ്യപ്പപ്പണിക്കർ സ്ഥാപിക്കുന്നതെങ്ങനെ?
19. സംസ്കൃതവൃത്തങ്ങളും ഭാഷാവൃത്തങ്ങളും തമ്മിൽ വ്യത്യാസപ്പെടുന്നതെങ്ങനെ?
20. ധ്വനി നിർവചനം എഴുതി വ്യാഖ്യാനിക്കുക.
21. സമാസോക്തിയെന്ന അർത്ഥാലങ്കാരത്തിന്റെ സവിശേഷത ഉദാഹരണസഹിതം വ്യക്തമാക്കുക.
22. ഉപമ, ഉത്പ്രേക്ഷ എന്നീ അലങ്കാരങ്ങൾ വ്യത്യാസപ്പെടുന്നതെങ്ങനെ? (5 x 5=25)

**IV. ഏതെങ്കിലും നാലു ചോദ്യത്തിന് ഉത്തരമെഴുതുക. മൂന്നു പുറത്തിൽ കവിയരുത്. (10 മാർക്കു വീതം)**

23. അഭിധ, ലക്ഷണ, വ്യഞ്ജന എന്നിവ എന്താണെന്നു വിശദീകരിക്കുക.
24. ഭാഷാഭൂഷണത്തിൽ ഗുണങ്ങളെ നിർവചിക്കുകയും വിശദീകരിക്കുകയും ചെയ്യുന്നതെങ്ങനെ?
25. മലയാളകവിതയിൽ വൃത്തത്തിനുള്ള സ്ഥാനം ഉദാഹരണസഹിതം വ്യക്തമാക്കുക.
26. കാവ്യഹേതുക്കളെപ്പറ്റി മമ്മടഭട്ടൻ പ്രകാശിപ്പിച്ച മതം സർവ്വാദരണീയവും സുപ്രസിദ്ധവുമായി തീർന്നുവെന്ന നിഗമനത്തിൽ ചാത്തനാത്ത് അച്യുതനുണ്ണി എത്തിച്ചേരുന്നതെങ്ങനെ?
27. പ്രധാന കിളിപ്പാട്ടു വൃത്തങ്ങൾ ഉദാഹരണസഹിതം വിശദമാക്കുക.
28. ശബ്ദാലങ്കാരങ്ങളെ വിഭജിച്ചിരിക്കുന്നതെങ്ങനെ? പ്രധാന ശബ്ദാലങ്കാരങ്ങൾ പരിചയപ്പെടുത്തുക. (4 x 10 =40)

16

1B6M20283 (Pages : 2) Reg. No:..............................

Name: ..............................

# FAROOK COLLEGE (AUTONOMOUS), KOZHIKODE

## Sixth Semester BA Degree Examination, March/April 2020

## BMAL6B12 – Gadhya Sahithyam

(2017 Admission onwards)

Time: 3 hours Max. Marks: 80

**I .ഒറ്റ വാക്കിൽ ഉത്തരമെഴുതുക.**

1.ചേര രാജാക്കന്മാരുടെ ശാസനങ്ങളിൽ ആദ്യത്തേതായി കണ്ടെടുത്തിട്ടുള്ള ശാസനം ഏത്?
2.മലയാളത്തിൽ ആദ്യം അച്ചടിച്ച പുസ്തകം ഏത്?
3.കൗടില്യന്റെ അർത്ഥശാസ്ത്രത്തിന് ഭാഷയിലുണ്ടായ പരിഭാഷ ഏത്?
4.ചാക്യാന്മാർ നടത്തുന്ന പുരാണകഥാപ്രസംഗത്തിന്റെ പേരെന്ത്?
5.പരദേശിയുടെ മോക്ഷയാത്ര ആരുടെ കൃതി ആണ്?
6.poetry is truer than facts എന്ന് പറഞ്ഞതാര്?
7.ചിത്രമെഴുത്ത് കോയിത്തമ്പുരാൻ എന്ന ജീവചരിത്രം എഴുതിയതാര്?
8.ബയോഗ്രഫി എന്ന പദം ആദ്യമായി ഉപയോഗിച്ചതാര്?
9.മലയാളത്തിലെ ആദ്യത്തെ ആത്മകഥ ആരുടേതാണ്?
10.നല്ല ഹൈമവതഭൂവിൽ ഏത് സാഹിത്യ വിഭാഗത്തിൽ പെടുന്നു? (10x1/2=5)

**II.ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.**

11.നാല് ശാസനങ്ങളുടെ പേരെഴുതുക.
12.മാർഗ്ഗംഗികളുടെ തമിഴ് എന്നാലെന്ത്?
13.മലയാള ഗദ്യത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത് ആര്?എന്ത് കൊണ്ട്?
14.ഭാഷയുടെ ഏറ്റവും വലിയ ധർമ്മമായി മുണ്ടശ്ശേരി പറയുന്നത് എന്ത്?
15.ഇതരകലകളെ അപേക്ഷിച്ച് സാഹിത്യത്തിനുള്ള വൈശിഷ്ട്യം കുറ്റിപ്പുഴ വ്യക്തമാക്കുന്നത് എങ്ങിനെ? (5x2=10)

**III.ഓരോന്നിനും ഓരോ ഖണ്ഡികയിൽ കവിയാതെ ഏതെങ്കിലും അഞ്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

15.ശാസനാഭാഷ പ്രകടമാക്കുന്ന വ്യാകരണപരമായ സവിശേഷതകൾ എന്തെല്ലാം?
17.അച്ചടിരംഗത്ത് മിഷണറിമാർ നൽകിയ സംഭാവനകൾ എന്തെല്ലാം?
18.തന്റെ മൃഗയാസ്മരണകളെ വലിയകോയിത്തമ്പുരാൻ ഓർത്തെടുക്കുന്നത് എങ്ങിനെ ?
19.ഭാഷ ഒരു പാഴ്ച്ചുമടായിത്തീരരുത് എന്ന വസ്തുതയെ മുണ്ടശ്ശേരി വിശദീകരിക്കുന്നത് എങ്ങിനെ?
20.എന്താണ് മൂർത്തി എന്ന് എനിക്ക് അപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞില്ല-ആരെക്കുറിച്ചാണ് പരാമർശം?സന്ദർഭം ഏതാണ്?
21.കവിതയിൽ നിക്ഷിപ്തമായിരിക്കുന്ന ചിന്താശക്തിയുടെ പ്രാധാന്യത്തെ കുറ്റിപ്പുഴ വിശദീകരിക്കുന്നത് എങ്ങിനെ?
22.തന്റെ ഹിമാലയയാത്രാനുഭവത്തെ രാജൻ കാക്കനാടൻ സംഗ്രഹിക്കുന്നത് എങ്ങിനെ?
(5x5=25)

**IV.ഓരോന്നിനും മുന്നൂറ് വാക്കിൽ കവിയാതെ നാല് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

23.അംബരീഷോപാഖ്യാനത്തെ മുൻനിർത്തി മധ്യകാലഗദ്യത്തിന്റെ സ്വഭാവ സവിശേഷതകൾ വിശദീകരിക്കുക?
24.ശാസനഭാഷയുടെ സ്വഭാവസവിശേഷതകൾ വാഴപ്പിള്ളി ശാസനത്തിൽ എത്രത്തോളം പ്രകടമാണെന്ന് വിലയിരുത്തുക .
25.മിഷണറി ഗദ്യം എന്ന പേരിൽ അറിയപ്പെടുന്ന ഗദ്യകൃതികൾ മലയാളഭാഷയ്ക്ക് നൽകിയ സംഭാവനകൾ എന്തെല്ലാം?
26.ഞാൻ കഴിഞ്ഞ ജന്മത്തിൽ വല്ല മഴപ്പുള്ളുമായിരുന്നിരിക്കണം -ഗദ്യകാരന്റെ ചിന്താഗതിയെ സാധൂകരിക്കുന്നതാണ് മേടമഴ-ഇടമഴ എന്ന പാഠഭാഗം ശരിയോ ?
27.തന്റെ ഉള്ളിലുള്ള യാഥാസ്ഥിതികത്വത്തിന്റെ കാട്ടുപൊന്തകൾ വെട്ടിത്തെളിക്കാൻ കാരണക്കാരായ മാരാരോടുള്ള കടപ്പാട് എം.ആർ.ബി വിവരിക്കുന്നതെങ്ങിനെ ?
28.നടരാജഗുരുവിനോടുള്ള ആത്മബന്ധത്തെ നിത്യചൈതന്യയതി വിശദീകരിക്കുന്നത് എങ്ങിനെ?
(4x10=40)

17

1B6M20282 (Pages : 2) Reg. No:.............................

Name: .............................

# FAROOK COLLEGE (AUTONOMOUS), KOZHIKODE

**Sixth Semester BA Degree Examination, March/April 2020**

**BMAL6B11 – Malayala Kavitha Poorvagattam**

(2017 Admission onwards)

Time: 3 hours Max. Marks: 80

**I ഒറ്റ വാക്കിൽ ഉത്തരമെഴുതുക**

1. സന്താനഗോപാലംപാന രചിച്ചതാര്?
2. തെകിരത്തകിപ്പവനനവനെ ചെന്റു കൊന്റാൻ തരാനീം - ആരെയാണ് പവനൻ ഇപ്രകാരം ബുദ്ധിമുട്ടിക്കുന്നത്?
3. ജനകരാജധാനിയിലേക്ക് രാമലക്ഷ്മണന്മാർക്കൊപ്പം വന്നതാര്?
4. ആരുടെ നിർദ്ദേശപ്രകാരമാണ് കുചേലവൃത്തം രചിക്കപ്പെട്ടത്?
5. രാമചരിതം വാല്മീകി രാമായണത്തിലെ ഏതു കാണ്ഡത്തെ ഉപജീവിച്ചെഴുതിയ കൃതിയാണ്?
6. എന്നും ദിനകരനല്ല വരുന്നതു
മന്ദന്മാരതു ബോധിച്ചാലും - ആരുടെ വാക്കുകൾ ?
7. സത്രാജിത്തിന് സ്യമന്തകം നൽകിയതാര്?
8. നളചരിതം ആട്ടക്കഥയ്ക്ക് എ. ആർ. എഴുതിയ വ്യാഖ്യാനം ഏത്?
9. കോമപ്പൻ എന്ന പച്ച മലയാളകൃതി എഴുതിയതാര്?
10. രാമചരിതത്തിൽ ഉപയോഗിച്ച ഒരു പ്രാസത്തിന്റെ പേരെഴുതുക. 10 x 1/2 = 5

**II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക**

11. എന്നെല്ലാം കേട്ടവനൊരു നുറുങ്ങാശ്വസിക്കിന്റെ നേരം - എന്തു കേട്ടാണ് ആശ്വസിച്ചത്?
12. അക്കഥ നമ്മോടറിയിക്കേണം
സൽക്കഥ കേട്ടാൽ ദുരിതം തീരും - ഏതു കഥയാണ് വിവക്ഷിക്കപ്പെടുന്നത്?
13. സർവ്വത്ര സീതാ പരിണയന മഹാ-
ഘോഷ മുച്ചൈർ വ്യതാനീത് - സന്ദർഭം എഴുതുക
14. മതിപ്പാനും കൊടുപ്പാനും തന്നെ ഞാനിന്നൊന്നു കൊണ്ടു
മതിയാകില്ലെന്നായി വന്നിരിക്കുന്നു - ആര് ആരോട് പറയുന്ന വാക്കുകൾ ? വിശദമാക്കുക
15. ഓമനത്തുമുഖം തന്നിലേ നോക്കിക്കൊ-
ണ്ടോർത്തു നിന്നീടിനാളൊട്ടുനേരം - സന്ദർഭം വ്യക്തമാക്കുക. 5 x 2 = 10

## III. അഞ്ച് ചോദ്യത്തിന് ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക

16. പാട്ട് എന്നാലെന്ത്? നിർവ്വചനമെഴുതി വിശദീകരിക്കുക

17. കാളം പോലെ കുസുമധനുഷോ ഹന്ത! പൂങ്കോഴി കൂകി
ചോളം പോലെ ചിതറി വിളറീ താരകാണാം നികായം
താളം പോലെ പുലരി വനിതക്കാഗതൗ ചന്ദ്ര സൂര്യൗ
നാളം പോലെ നളിന കുഹരാദ്ദുഗതാ ഭൃംഗരാജി
– ശ്ലോകത്തിന്റെ കാവ്യഭംഗി വിശദീകരിക്കുക.

18 ചമ്പൂ പ്രസ്ഥാനത്തിന്റെ സവിശേഷതകൾ ഭാഷാരാമായണം ചമ്പുവിനെ മുൻനിർത്തി ചർച്ച ചെയ്യുക

19. ജന്മം വ്യർത്ഥമാക്കിപ്പതിവ്രതയെ പട്ടിണിക്കിട്ട
കല്മഷവാനുണ്ടോ ഗതി-മുക്തനായാലും – സന്ദർഭം വിശദീകരിക്കുക

20. അത്യന്തം നാടകീയമായി കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നതിൽ ഉണ്ണായിവാര്യർ പ്രകടിപ്പിക്കുന്ന മികവിനെ ബാഹുകനെ മുൻനിർത്തി പരിശോധിക്കുക.

21. കുങ്കുമത്തിന്റെ വാസമറിയാതെ
കുങ്കുമം ചുമക്കും പോലെ ഗർദ്ദഭം – ആശയം വ്യക്തമാക്കുക

22. ചെറുശ്ശേരിയുടെ കാവ്യഭാഷാ മുദ്രകൾ പൂതനാമോക്ഷത്തിൽ പ്രതിഫലിക്കുന്നതെങ്ങനെ?

**5 x 5 = 25**

## IV നാല് ചോദ്യത്തിന് മുന്നൂറ് വാക്യത്തിൽ കവിയാതെ ഉത്തരമെഴുതുക

23. അധമ വികാരങ്ങളുടെ അന്ധകാരത്തെ നീക്കി വിവേകത്തിന്റെ വെളിച്ചം നൽകുന്ന വാക്കുകളാണ് ലക്ഷ്മണോപദേശത്തിന്റെ കാതൽ – അദ്ധ്യാത്മരാമായണം കിളിപ്പാട്ടിനെ അടിസ്ഥാനമാക്കി വിശകലനം ചെയ്യുക.

24. പാട്ടു കവിതയുടെ ഉത്തമ മാതൃകയായി കരുതപ്പെടുന്ന കൃതിയാണ് രാമചരിതം – നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

25. ഭക്തിയും തത്വചിന്തയും ഇടകലർന്ന ഒരു കാവ്യമാണ് ജ്ഞാനപ്പാന – സമർത്ഥിക്കുക

26. പ്രാചീന കേരളത്തിന്റെ ചരിത്ര രചനയിൽ പാട്ടു സാഹിത്യകൃതികളേക്കാൾ പ്രയോജനപ്രദമാണ് മണിപ്രവാള കൃതികൾ – സമർത്ഥിക്കുക

27. പച്ച മലയാള പ്രസ്ഥാനത്തിന്റെ സവിശേഷതകൾ ഒരു പോലീസ് ഇൻസ്പെക്ടറുടെ വധം എന്ന കൃതിയുടെ പശ്ചാത്തലത്തിൽ വിശദീകരിക്കുക

28. ഇതിഹാസ കഥകൾ പോലും നമ്പ്യാർക്കവിതയിൽ കേരളീയാഖ്യാനങ്ങളായി മാറുന്നു – സ്യമന്തകത്തെ മുൻനിർത്തി പരിശോധിക്കുക.

**4x10 - 40**